(ഇ) പുതിയ റെയിഞ്ചുകളോ ഡിവിഷനുകളോ രൂപീകരിക്കുമ്പോഴും പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കേണ്ടി വരുമ്പോഴും സ്റ്റാഫ് വിന്യാസത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്താറുണ്ട്. കൂടാതെ ഇക്കാര്യംകൂടി പരിഗണനാ വിഷയമായി നിശ്ചയിച്ച് ജി.ഒ. (എം.എസ്.) 22/2010/വനം തീയതി 21-5-2010 പ്രകാരം ഒരു വിദഗ്ദ്ധ സമിതിയേയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

കോടശ്ശേരി പഞ്ചായത്തിലെ വനം വകുപ്പ് നെഴ്സറി തൊഴിലാളികളുടെ പ്രശ്നങ്ങൾ

137 (4490) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ വനംവകുപ്പിന്റെ പട്ടിക്കുളത്തെ നെഴ്സറിയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു ;

(ബി) ഈ തൊഴിലാളികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ന്യായമായ പരിരക്ഷകൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇവരുടെ കൂലി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെൻട്രൽ നെഴ്സറിയിലെ ജോലികൾ സീസണൽ വർക്കായതിനാൽ തൊഴിലാളികളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനാവില്ല. ജോലി ഏറ്റവും കൂടുതലുള്ളപ്പോൾ 30-നും-35 നുമിടയിൽ തൊഴിലാളികൾ പണിയെടുക്കാറുണ്ട്. സാധാരണയായി അഞ്ചോളം തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്. ആവശ്യകതയനുസരിച്ച് തൊഴിലാളി യൂണിയനുകളോട് അറിയിക്കുകയും അവർ തൊഴിലാളികളെ അയയ്ക്കുകയുമാണ് പതിവ്.

(ബി) തൊഴിലാളികൾ എല്ലാം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) വനം വകുപ്പിൽ നിലവിലുള്ള നിരക്കിലാണ് ഇവർക്ക് കൂലി കൊടുക്കുന്നത്. ഇത് പുതുക്കി നിശ്ചയിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) സ്ഥിരമായി ചെയ്യേണ്ട ജോലികളൊന്നുമില്ലാത്തതിനാൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് പ്രായോഗികമല്ല.

ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

138 (4491) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം ഉപയോഗയോഗ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഫോറസ്റ്റ് സ്റ്റേഷന് പുതിയ കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly